©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram,<br>Wednesday<br>തിരുവനന്തപുരം,<br>ബുധൻ | 16th September 2009<br>2009 സെപ്റ്റംബർ 16<br>25th Bhadra 1931<br>1931 ഭാദ്രം 25 | No.<br>നമ്പർ 1707 |

## കേരള സർക്കാർ

സഹകരണ (ബി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 310/2004/സഹകരണം. *തിരുവനന്തപുരം, 2004 നവംബർ 22.*

**എസ്. ആർ. ഒ. നമ്പർ 1241/2004.**—1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിന്റെ (1969-ലെ 21) 109-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 109-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം 2004 ഒക്ടോബർ 18-ാം തീയതിയിലെ 2217-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2004 ഒക്ടോബർ 8-ാം തീയതിയിലെ 9844/ബി1/97/സഹകരണം എന്ന നമ്പർ വിജ്ഞാപനത്തിൻകീഴിൽ മുമ്പ് പ്രസിദ്ധീകരിച്ചതിനുശേഷം താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, ആതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2004-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേർ പറയാവുന്നതാണ്.

(2) ഇവ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങളിൽ,—

(എ) 51-ാം ചട്ടത്തിനുശേഷം, താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"51എ. ഗഹാൻ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമം.—(1) ഒരു ഗഹാൻ സൃഷ്ടിച്ചുകൊണ്ടുള്ള വിജ്ഞാപനം ഫാറം നമ്പർ 8എ-യിൽ ആയിരിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള പ്രഖ്യാപനത്തിന്റെ ഒരു രജിസ്റ്റർ, സ്ഥാവരവസ്തുവിന്റെ കാര്യത്തിൽ ഫാറം നമ്പർ 8ബി-യിലും ജംഗമവസ്തുവിന്റെ കാര്യത്തിൽ ഫാറം നമ്പർ 8സി-യിലും സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാസംഘം/ബാങ്ക്, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘം എന്നിവ സൂക്ഷിക്കേണ്ടതാണ്.

(3) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയോ, ജില്ലാ സഹകരണ ബാങ്കിന്റെയോ, പ്രാഥമിക കാർഷിക വായ്പാസംഘത്തിന്റെയോ/ബാങ്കിന്റെയോ, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെയോ പേർക്ക് സൃഷ്ടിക്കപ്പെട്ട ഗഹാനോ അല്ലെങ്കിൽ പണയമോ, ഹൈപ്പോത്തിക്കേഷനോ സംബന്ധിച്ച പ്രഖ്യാപനത്തിന്റെയോ പ്രമാണത്തിന്റെയോ ഒരു പകർപ്പ് ബന്ധപ്പെട്ട ബാങ്കോ, സംഘമോ ആൾവശമോ അക്നോളേജ്മെന്റ് ഡ്യൂ ആയി രജിസ്റ്റർ ചെയ്ത് തപാൽ മാർഗ്ഗമോ അപ്രകാരമുള്ള സൃഷ്ടിക്കലിന്റെയോ നടത്തിപ്പിന്റെയോ തീയതി മുതൽ പരമാവധി മുപ്പതു ദിവസത്തിനകം ആ ഗഹാനോ പണയമോ ഹൈപ്പോത്തിക്കേഷനോ ബാധകമായ വസ്തു മുഴുവനായോ ഭാഗികമായോ സ്ഥിതിചെയ്യുന്നത് ഏത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ ആധികാരിതയ്ക്കുള്ളിലാണോ ആ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതാണ്.

(4) ആക്ടിന്റെ 36-ാം വകുപ്പിൻകീഴിൽ ബാധകമായ വിധത്തിലുള്ള 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആക്ടിന്റെ (1984-ലെ 20) 11-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കാവുന്നതും ആ പ്രഖ്യാപനം ഫാറം നമ്പർ 8ഡി-യിൽ ആയിരിക്കേണ്ടതുമാണ്.

(5) ആക്ടിന്റെ 36എ വകുപ്പിൻകീഴിൽ ബാധകമായ വിധത്തിലുള്ള 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആക്ടിന്റെ (1984-ലെ 20) 12-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന അറിയിപ്പ് ആവശ്യമായ മാറ്റങ്ങളോടെ ഫാറം നമ്പർ 8ഇ-യിൽ ആയിരിക്കേണ്ടതും അപ്രകാരമുള്ള അറിയിപ്പ് ആ ബാങ്കിന്റെയോ സംഘത്തിന്റെയോ മുഖ്യ കാര്യാലയത്തിലും ശാഖാ കാര്യാലയത്തിലും ബന്ധപ്പെട്ട വില്ലേജ് ഓഫീസിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(ബി) 2-ാം അനുബന്ധത്തിൽ ഫാറം നമ്പർ 8-ന് താഴെ കൊടുത്തിട്ടുള്ള ഫാറങ്ങൾ ചേർക്കേണ്ടതാണ്, ആയത്:—

ഫാറം നമ്പർ 8 എ

(ചട്ടം 51 എ കാണുക)

## ഗഹാൻ/പണയം/ഹൈപ്പോത്തിക്കേഷൻ സൃഷ്ടിക്കുന്നതിനുള്ള ഫാറം

(ട്രിപ്ലിക്കേറ്റിൽ ഒന്ന് കോപ്പിയിംഗ് ഷീറ്റിൽ ആയിരിക്കണം)

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയോ, ജില്ലാ സഹകരണ ബാങ്കിന്റെയോ, പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെയോ/ബാങ്കിന്റെയോ, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെയോ അംഗം, അങ്ങനെയുള്ള ബാങ്കോ/സംഘമോ അതിന്റെ അംഗത്തിനു നൽകിയേക്കാവുന്ന ഏതെങ്കിലും വായ്പയെ സംബന്ധിച്ച് ആ അംഗത്തിന്റെ സ്ഥാവരമോ ജംഗമമോ ആയ വസ്തുവിന്റെ മേൽ ഒരു ഗഹാൻ സൃഷ്ടിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് (1969-ലെ 21) 36 എ വകുപ്പിൻകീഴിൽ ചെയ്യേണ്ട പ്രഖ്യാപനത്തിന്റെ മാതൃക.

.............................................................................................(താമസസ്ഥലം)-ൽ താമസിക്കുന്നവനും/ളും..........................................................................................................
.....................................(സ്ഥിര മേൽവിലാസം) എന്ന സ്ഥിര മേൽവിലാസം ഉള്ളവനും/ളും ആയ..............................................................ന്റെ മകൻ/മകൾ/മക്കൾ ആയ.............................വയസ്സുള്ള.............................................എന്ന ഞാൻ/ഞങ്ങൾ (ഇതിൽ ഇതിനുശേഷം വായ്പക്കാരൻ/വായ്പക്കാർ എന്നു പരാമർശിക്കപ്പെടുന്നതും അതിൽ ആ പ്രയോഗത്തിൽ സന്ദർഭം അപ്രകാരം അനുവദിക്കുന്നപക്ഷം അയാളുടെ/അവരുടെ പിൻതുടർച്ചാവകാശികളും പിൻഗാമികളും എക്സിക്യൂട്ടർമാരും നിയമാനുസൃത പ്രതിനിധികളും അഡ്മിനിസ്ട്രേറ്റർമാരും അസൈനികളും ഉൾപ്പെടുന്നതുമാണ്.) ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ.........................................................................................................
ബാങ്കിന്റെ/സംഘത്തിന്റെ (ഇതിൽ ഇതിനുശേഷം ബാങ്ക്/സംഘം എന്നാണ് പറയപ്പെടുക.) അംഗത്വത്തിലേക്കു പ്രവേശിക്കപ്പെട്ടിരിക്കുന്നു എന്നും ആ ബാങ്കിൽ/സംഘത്തിൽനിന്നും വായ്പ എടുക്കുവാൻ ആഗ്രഹിക്കുന്നതിനാൽ, ഇതിന്റെ പട്ടികയിൽ കൂടുതൽ പൂർണ്ണമായി വിവരിക്കുന്ന സ്ഥാവരവും ജംഗമവുമായ വസ്തുക്കളുടെയോ കേരള സഹകരണ സംഘങ്ങൾ ആക്ടിന്റെ (1969-ലെ 21) 36 എ വകുപ്പിൻ കീഴിൽ ബാധകമായ വിധത്തിലുള്ള 1984-ലെ കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ആക്ടിന്റെ (1984-ലെ 20) 10-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം, പ്രസ്തുത ബാങ്കോ/സംഘമോ എനിക്ക്/ഞങ്ങൾക്ക് നൽകുന്ന വായ്പകളോ ഭാവിയിൽ നൽകുന്ന അഡ്വാൻസുകളോ, വായ്പ അനുവദിച്ചുകൊണ്ടുള്ള പ്രസ്തുത ബാങ്കിന്റെ/സംഘത്തിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി, അങ്ങനെയുള്ള വായ്പകളുടെയോ അഡ്വാൻസുകളുടെയോ തുകയിൻമേലുള്ള പലിശസഹിതം യഥാവിധി തിരിച്ചടയ്ക്കുന്നതിലേക്ക് രൂപ............................ (...............................................................രൂപ മാത്രം) എന്ന പരമാവധി തുകയ്ക്കു വിധേയമായി ഈ പ്രമാണം മുഖേന ഒരു ഗഹാൻ സൃഷ്ടിക്കുകയും ചെയ്യുന്നതായി ഇതിനാൽ ഏവരും അറിഞ്ഞുകൊള്ളുവിൻ.

പ്രസ്തുത വായ്പക്കാരൻ/വായ്പക്കാർ, തനിക്ക്/തങ്ങൾക്ക് ഗഹാൻ വസ്തുവിൽ വ്യക്തമായ ഉടമാവകാശമുണ്ടെന്ന്/നടപ്പാവകാശ സ്ഥിരതയ്ക്ക് ഒരു കുടിയാൻ എന്ന നിലയിലുള്ള അവകാശത്തോടെ പ്രസ്തുത സ്വത്ത് (ഇവിടെ ഉടമസ്ഥാവകാശ രേഖകളുടെ വിവരണവും നൽകുക) കൈവശം വച്ചിരിക്കുകയാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും, അതിനുപുറമേ, ഉടമാവകാശത്തിലേയോ അവകാശ താൽപ്പര്യങ്ങളിലേയോ ന്യൂനത കാരണമോ മറ്റു വിധത്തിലോ ഉണ്ടായേക്കാവുന്ന ഏതെങ്കിലും നഷ്ടമോ ഹാനിയോ പരിഹരിച്ചുകൊള്ളാമെന്ന് ഉടമ്പടി ചെയ്യുകയും അതിലേക്കുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നു.

പ്രസ്തുത വായ്പക്കാരൻ/വായ്പക്കാർ, പ്രസ്തുത ഗഹാൻ വസ്തുവിൻമേൽ ഇതിനാൽ സൃഷ്ടിക്കപ്പെടുന്ന ഈടുബാദ്ധ്യതയില്ലാതെ മറ്റൊരു കുടിക്കടങ്ങളോ ബാദ്ധ്യതകളോ ഇല്ലെന്നുകൂടി ഇതിനാൽ പ്രഖ്യപിക്കുകയും;

പ്രസ്തുത വായ്പക്കാരൻ/വായ്പക്കാർ, താൻ/തങ്ങൾ ബാങ്കിൽ/സംഘത്തിൽനിന്നും എടുത്ത വായ്പയുടെയോ, വായ്പകളുടെയോ മുഴുവൻ തുകയും അവയിൻമേലുള്ള പലിശയും സഹിതം പൂർണ്ണമായും ബാങ്കിലേക്ക്/സംഘത്തിലേക്ക് തിരിച്ചടയ്ക്കുന്നതുവരെ പ്രസ്തുത വസ്തുവോ വസ്തുവിൻമേലുള്ള ഏതെങ്കിലും അവകാശ താൽപ്പര്യങ്ങളോ വിലയോ പണമായോ, ഇഷ്ടദാനമായോ കൈമാറ്റം ചെയ്യുകയോ മറ്റുവിധത്തിൽ അതിന്റെ കൈവശം വിട്ടുകൊടുക്കുകയോ ഇല്ലെന്നും ഇതിനാൽ ഉടമ്പടി ചെയ്യുകയും ചെയ്യുന്നു.

പ്രസ്തുത വായ്പക്കാരൻ/വായ്പക്കാർ ഈ പ്രമാണം 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിന്റെ (1969-ലെ 21) 36 എ വകുപ്പിൻകീഴിൽ ബാധകമായ വിധത്തിലുള്ള 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആക്ടിന്റെ (1984-ലെ 20) 10-ാം വകുപ്പിൻകീഴിലുള്ള എല്ലാ നിബന്ധനകൾക്കു വിധേയവും ആ നിബന്ധനകൾ ഉൾക്കൊള്ളുന്നതായി കരുതപ്പെടേണ്ടതുമാണെന്നും കൂടി ഇതിനാൽ സമ്മതിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തുകൊള്ളുന്നു.

പ്രസ്തുത വായ്പക്കാരൻ/വായ്പക്കാർ, താൻ/തങ്ങൾ കൊടുത്തുതീർക്കേണ്ടതായിട്ടുള്ള മുഴുവൻ തുകയും യഥാവിധി നൽകുകയും ആക്ടിലെയും ചട്ടങ്ങളിലെയും ബാങ്കിന്റെ/സംഘത്തിന്റെ ബൈലോകളിലെയും വ്യവസ്ഥകൾ അനുസരിക്കുകയും ചെയ്തപക്ഷം മുകളിൽ എഴുതപ്പെട്ട ഗഹാൻ പ്രഭാവശൂന്യമായിത്തീരുന്നതാണെന്നും അല്ലാത്തപക്ഷം അത് പൂർണ്ണമായും പ്രാബല്യവും സാധുതയുള്ളതും ആയിരിക്കും എന്നുള്ളതും പ്രസ്തുത ഗഹാന്റെ നിബന്ധനയായിരിക്കുന്നതാണ്.

## പട്ടിക

വസ്തു വിവരണം

എ. <u>സ്ഥാവരം</u>

| | |
|---|---|
| വില്ലേജ് | : |
| പഞ്ചായത്ത് | : |
| ഫർക്ക | : |
| താലൂക്ക് | : |
| ജില്ല | : |
| ഉപജില്ല (സബ് രജിസ്ട്രി) | : |
| സർവ്വേ നമ്പർ | : |
| റീസർവ്വേ നമ്പർ | : |
| പണയപ്പെടുത്തുന്ന ആളിന്റെ/ഗഹാൻ സൃഷ്ടിക്കുന്ന ആളിന്റെ അവകാശം | : |
| വസ്തുവിന്റെ പേര് | : |
| വിസ്തീർണ്ണം | : |
| അതിരുകൾ | : |

ബി. <u>ജംഗമം</u>

| | |
|---|---|
| ജംഗമങ്ങളുടെയും യന്ത്ര സാമഗ്രികളുടെയും മറ്റ് ആസ്തികളുടെയും വിവരണം, നിർമ്മിതി നമ്പർ, വർഷം, ഇനം മുതലായവ | : |

ഇതിനു സാക്ഷ്യത്തിലേക്കായി.......................................................................എന്ന ഞാൻ/ഞങ്ങൾ, താഴെ പറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ, ഇതിൽ എന്റെ/ഞങ്ങളുടെ കൈയൊപ്പുവച്ചിരിക്കുന്നതാകുന്നു.

(1) (ഒപ്പ്)

(2)

സ്വീകരിച്ചിരിക്കുന്നു.

.........................................-ലെ (ഭൂമിയോ മറ്റു വസ്തുവോ സ്ഥിതിചെയ്യുന്ന പ്രദേശത്ത് ആധികാരികതയുള്ള സബ് രജിസ്ട്രാർക്ക്, 1908-ലെ രജിസ്ട്രേഷൻ ആക്ട് (1908-ലെ 16-ാം കേന്ദ്ര ആക്ട്) 51-ാം വകുപ്പിൽ പരാമർശിക്കപ്പെടുന്ന 1-ാം പുസ്തകത്തിലെ പ്രഖ്യാപനപ്രകാരം ഫയൽ ചെയ്യുന്നതിനും സൃഷ്ടിക്കപ്പെടുന്ന ഗഹാൻ പൂരിപ്പിച്ച പ്രഖ്യാപനം ബാങ്കിന്/സംഘത്തിന് തിരിയെ കൊടുക്കുന്നതിനും അപേക്ഷിച്ചുകൊണ്ട് അയച്ചുകൊടുക്കുന്നത് .........................................ബാങ്ക് ക്ലിപ്ത സംഘത്തിന്റെ മാനേജിംഗ് ഡയറക്ടർക്ക്/ജനറൽ മാനേജർക്ക്/സെക്രട്ടറിക്ക്/ബ്രാഞ്ച് മാനേജർക്ക് തിരികെ അയയ്ക്കുന്നു. പ്രസ്തുത പ്രഖ്യാപനപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഗഹാൻ 1908-ലെ രജിസ്ട്രേഷൻ ആക്ടിന്റെ (1908-ലെ 16-ാം കേന്ദ്ര ആക്ട്) 51-ാം വകുപ്പിൽ പരാമർശിക്കപ്പെടുന്ന 1-ാം പുസ്തകത്തിൽ, 20.........-മാണ്ട്.........................................മാസം............. തീയതിയുമായ ഇന്നേദിവസം യഥാവിധി ഫയൽ ചെയ്യപ്പെട്ടിരിക്കുന്നു.

സബ് രജിസ്ട്രാർ.

ഫാറം നമ്പർ 8 സി

(ചട്ടം 51 എ നോക്കുക)

**1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിന്റെ (1969-ലെ 21) 36 എ വകുപ്പിൻകീഴിൽ ചെയ്യപ്പെട്ടിട്ടുള്ള പ്രഖ്യാപനങ്ങളുടെ രജിസ്റ്റർ (ജംഗമ വസ്തുക്കൾ)**

| ക്രമ നമ്പർ | രജിസ്റ്ററിൽ ചേർത്ത തീയതി | അംഗമായ വായ്പക്കാരന്റെ പേര് | പ്രഖ്യാപനത്തിന്റെ തീയതി | വസ്തുവിന്റെ വിവരം | യന്ത്ര സാമഗ്രികളുടെ വിവരണം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

| മറ്റ് ഉൽപ്പന്നങ്ങളുടെ വിവരണം | നിർമ്മിച്ച വർഷം | വാങ്ങിയ വർഷം | ബ്രാന്റ് / ടൈപ്പ് | മറ്റ് നിർദ്ദിഷ്ട വിവരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് |
|---|---|---|---|---|
| (7) | (8) | (9) | (10) | (11) |
| | | | | |

| വായ്പയുടെ പരമാവധി തുക | | വിതരണം ചെയ്തത് | അഭിപ്രായങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ | സെക്രട്ടറിയുടെ ഒപ്പ് |
|---|---|---|---|---|
| അനുവദനീയമായത് | അനുവദിച്ചത് | | | |
| (12) | (13) | (14) | (15) | (16) |
| | | | | |

## ഫാറം നമ്പർ 8 ഡി

(ചട്ടം 51 എ (4) കാണുക)

**1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിന്റെ (1969-ലെ 21) 36 എ വകുപ്പിൻകീഴിൽ വായ്പയ്ക്കുള്ള അപേക്ഷകൻ ചെയ്യേണ്ടതായ പ്രഖ്യാപനത്തിന്റെ മാതൃക**

........................................................................................................................................

........................................................................(അപേക്ഷകന്റെ പേരും മേൽവിലാസവും)

(..............................കത്തിലെ അപേക്ഷകൻ)......................-ാം ആണ്ട്..............................

മാസം................തീയതിയിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ/ജില്ലാ സഹകരണ ബാങ്കിന്റെ/പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ/ബാങ്കിന്റെ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ മാനേജിംഗ് ഡയറക്ടർ/ജനറൽ/ബ്രാഞ്ച് മാനേജർ/സെക്രട്ടറി ആയ ശ്രീ..............................................................മുമ്പാകെ നടത്തുന്ന പ്രഖ്യാപനം.

വായ്പയുടെ ജാമ്യത്തിനായി ബാങ്കിന്റെ/സംഘത്തിന്റെ പേർക്ക് ഞാൻ/ഞങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഗഹാൻ/പണയം/ഹൈപ്പോത്തിക്കേഷൻ ഏതു ജംഗമ/സ്ഥാവര വസ്തുവിനെ സംബന്ധിച്ചുള്ളതാണോ ആ വസ്തു/വസ്തുക്കൾ കുടിക്കടങ്ങളിൽനിന്നും/ ബാദ്ധ്യതകളിൽനിന്നും വിമുക്തമാണെന്നും ഇതിനു ചുവടെ പട്ടികയിൽ കൊടുത്തിട്ടുള്ള ഭൂമി/ജംഗമ വസ്തു എന്റെ/ഞങ്ങളുടെ ഉടമസ്ഥതയിലും യഥാർത്ഥ കൈവശത്തിലും ഉള്ളതാണെന്നും അതിൻമേൽ/അവയിൻമേൽ ഗഹാൻ/പണയം/ഹൈപ്പോത്തിക്കേഷൻ സൃഷ്ടിക്കുവാൻ എനിക്ക്/ഞങ്ങൾക്ക് പരിപൂർണ്ണമായ അവകാശമുണ്ടെന്നും മേൽപ്പറഞ്ഞ വസ്തുതകൾ എന്റെ/ഞങ്ങളുടെ അറിവിലും വിവരത്തിലും വിശ്വാസത്തിലും എത്രയും സത്യമാണെന്നും ഞാൻ/ഞങ്ങൾ ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

## പട്ടിക

### വസ്തുവിന്റെ വിവരണം

(എ) സ്ഥാവര വസ്തു:

| ജില്ല | താലൂക്ക്/ ഉപജില്ല | വില്ലേജ് | സർവ്വേ/ റീസർവ്വേ നമ്പർ | അതിരുകൾ | വിസ്തീർണ്ണം |
|---|---|---|---|---|---|
| | | | | | |

(ബി) ജംഗമം:

ജംഗമവസ്തുക്കളുടെയും യന്ത്ര സാമഗ്രികളുടെയും മറ്റ് ആസ്തികളുടെയും വിവരണം, വർഷം, നിർമ്മിതി നമ്പർ, തരം മുതലായവ.

ഞാൻ/ഞങ്ങൾ, മേൽ ചെയ്ത പ്രസ്താവനകൾ എന്റെ/ഞങ്ങളുടെ അറിവിലും വിവരത്തിലും വിശ്വാസത്തിലും സത്യമാണെന്നുള്ള വസ്തുത ഞാൻ/ഞങ്ങൾ ബാങ്കിനെ വിശ്വസിപ്പിച്ചിരുന്നതായിട്ടും ഇതിനാൽ പ്രഖ്യാപിക്കുകയും താഴെ പറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഇതിൽ കൈയൊപ്പുവയ്ക്കുകയും ചെയ്തുകൊള്ളുന്നു.

അപേക്ഷകന്റെ പേരും ഒപ്പും :

സാക്ഷികളുടെ പേരും ഒപ്പും :

(1)

(2)

33/3/68

ഫാറം നമ്പർ 8 ഇ

[ചട്ടം 51 എ (5) കാണുക]

(ഈ പണയപ്പെടുത്തലിൽ തൽപ്പരരായ എല്ലാ ബന്ധപ്പെട്ടവർക്കുമുള്ള നോട്ടീസ്)

നോട്ടീസ്

.......................................................................................................(വായ്പക്കാരന്റെ പേര്)

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ/ജില്ലാ സഹകരണ ബാങ്കിന്റെ/പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ/ബാങ്കിന്റെ/പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പേർക്ക്......................-ാം ആണ്ട്..............................മാസം................തീയതി യിൽ ഒരു ഗഹാൻ സൃഷ്ടിച്ചിരിക്കുന്നു/പണയം നടത്തിയിരിക്കുന്നു. പണയപ്പെടുത്തൽ ഒപ്പിട്ടു പൂർത്തീകരിച്ചിരിക്കുന്നു എന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. പ്രസ്തുത വസ്തുവിന്റെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ മേൽ ഏതെങ്കിലും ജപ്തിയോ പണയമോ (ഇക്വീറ്റബിൾ മോർട്ട്ഗേജോ) മുഖേനയോ മറ്റു വിധത്തിലോ ഏതെങ്കിലും അവകാശ താൽപ്പര്യം അവകാശപ്പെടുന്ന ഏതെങ്കിലും ആളിനോടൊ/ ആളുകളോടൊ അക്കാര്യം ചുവടെ ഒപ്പുവച്ചിട്ടുള്ള ഉദ്യോഗസ്ഥനെ...................................... ..........................................................ലുള്ള അദ്ദേഹത്തിന്റെ ആഫീസിൽ, ഇതിന്റെ തീയതി മുതൽ 30 ദിവസത്തിനകം അറിയിക്കുവാൻ ഇതിനാൽ ആവശ്യപ്പെടുകയും അങ്ങനെ ചെയ്യാത്തപക്ഷം അപ്രകാരമുള്ള ജപ്തിയോ പണയമോ (ഇക്വീറ്റബിൾ മോർട്ട്ഗേജോ) എല്ലാ ഉദ്ദേശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടന്നുവയ്ക്കപ്പെട്ടതായി കരുതിക്കൊണ്ട് അവയ്ക്ക് യാതൊരു പരാമർശമോ പരിഗണനയോ നൽകാതെ പ്രസ്തുത ഗഹാനോ പണയമോ ഹൈപ്പോത്തിക്കേഷനോ മുൻഗണന നേടുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

വസ്തുവിന്റെ വിവരം:

സെക്രട്ടറി,

...............................നുവേണ്ടിയും അതിനെ

പ്രതിനിധാനം ചെയ്തുകൊണ്ടും.

തീയതി:

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. രാമമൂർത്തി,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതുവായ ഉദ്ദേശ്യം സൂചിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/
ബാങ്കുകൾ, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ എന്നിവയുടെ പേർക്ക്
ഒപ്പിട്ട് പൂർത്തീകരിച്ച പണയാധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ബാധ്യതയിൽ
നിന്നും വായ്പക്കാരെ വിമോചിപ്പിക്കുന്നതിനായി, സഹകരണ ബാങ്കുകളിൽ/സംഘ
ങ്ങളിൽ ഗഹാൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുവേണ്ടി 2003-ലെ കേരള
സഹകരണ നിയമങ്ങൾ (ഭേദഗതി) ആക്ട് മുഖേന 1969-ലെ കേരള സഹകരണ
സംഘങ്ങൾ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതിനാൽ 1969-ലെ കേരള
സഹകരണ സംഘങ്ങൾ ചട്ടങ്ങൾ, അതിനെ ഭേദഗതി ചെയ്ത ആക്ടിലെ വ്യവസ്ഥ
കൾക്ക് അനുരൂപമാക്കുന്നതിലേക്കായി, ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ
കരുതുന്നു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം സാധിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

33/3/68

# കേരള സർക്കാർ

## സഹകരണ (ബി) വകുപ്പ്

## ശുദ്ധിപത്രം

സ. ഉ. (പി) നമ്പർ 58/2005/സഹ. തിരുവനന്തപുരം, 2005 മാർച്ച് 19.

2004 നവംബർ 22-ാം തീയതിയിലെ സ. ഉ. (അ) നമ്പർ 318/04/സഹ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 2004 നവംബർ 23-ാം തീയതിയിലെ 2460-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1241/04 ആയി പ്രസിദ്ധപ്പെടുത്തിയതുമായ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾ, 2004-ൽ ചട്ടം 51 എ-യെ സംബന്ധിക്കുന്ന അനുബന്ധം II-ലെ 8 ബി നമ്പർ ഫാറത്തിൽ ചില അച്ചടിപ്പിശകുകൾ ഉണ്ടായിട്ടുള്ളതുകൊണ്ട്,

ഇപ്പോൾ, അതിനാൽ, അനുബന്ധം II-ലെ ഫാറം നമ്പർ 8 ബി താഴെപ്പറയും പ്രകാരം വായിക്കേണ്ടതാണ്.

### ഫാറം നമ്പർ 8 ബി

(ചട്ടം 51 എ കാണുക)

**1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിന്റെ (1969-ലെ 21) 36 എ വകുപ്പിൻകീഴിൽ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളുടെ രജിസ്റ്റർ**

(സ്ഥാവര വസ്തുക്കൾ)

| ക്രമ നമ്പർ | രജിസ്റ്റർ ചേർത്ത തീയതി | വായ്പയെടുക്കുന്ന അംഗത്തിന്റെ പേര് | പ്രഖ്യാപനത്തിന്റെ തീയതി | ഭൂമി സ്ഥിതി ചെയ്യുന്ന വില്ലേജിന്റെ പേര് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

| സർവേ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) | വായ്പയെടുക്കുന്ന ആളിന്റെ അവകാശത്തിന്റെ സ്വഭാവം | തികുതി തിട്ടപ്പെടുത്തൽ | | കടബാദ്ധ്യത എന്തെങ്കിലും ഉണ്ടെങ്കിൽ അത് | |
|---|---|---|---|---|---|---|
| | | | വിസ്തീർണ്ണം | രൂപ/ പൈസ | സ്വഭാവം | തുക |
| (6) | (7) | (8) | (9) | (10) | (11) | (12) |

പരമാവധി വായ്പത്തുക

| അനുവദനീയമായത് | അനുവദിച്ചത് | വിതരണം ചെയ്തത് | കുറിപ്പ് എന്തെങ്കിലും ഉണ്ടെങ്കിൽ അത് | സെക്രട്ടറിയുടെ ഒപ്പടയാളം |
|---|---|---|---|---|
| (13) | (14) | (15) | (16) | (17) |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. രാമമൂർത്തി,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

# കേരള സർക്കാർ

## സഹകരണ (ബി) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (പി) നമ്പർ 177/06/സഹ. തിരുവനന്തപുരം, 2006 നവംബർ 8

**എസ്. ആർ. ഒ. നമ്പർ 800/2006.**—1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നിയമത്തിലെ (1984-ലെ) 50-ാം വകുപ്പിൻ കീഴിൽ നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ 1986-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾ 2006-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് വിളിക്കാവുന്നതാണ്.

(2) അവ ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—1984-ലെ കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ചട്ടങ്ങളിലെ അനുബന്ധത്തിൽ V-ാം നമ്പർ ഫാറത്തിനുശേഷം താഴെ പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:—

"ഫാറം നമ്പർ VI

[10-ാം വകുപ്പിലെ 4-ഉം 5-ഉം ഉപവകുപ്പുകൾ കാണുക]

### ഗഹാൻ ഒഴിമുറി ഫാറം

ഈ ഗഹാൻ ഒഴിമുറി.......................................................................................ഇന്നേദിവസം 200.........-ാം മാണ്ട്..................................................മാസം....................തീയതി ഇതിനുശേഷം ബാങ്ക്/സൊസൈറ്റി എന്നു വിളിക്കപ്പെടും. ഇതിനുവേണ്ടി പ്രസ്തുത സ്ഥാപനത്തിന്റെ പ്രസിഡന്റ്/ജനറൽ മാനേജർ/മാനേജർ/സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ സൃഷ്ടിച്ചിരിക്കുന്നു.

ആയത് വായ്പക്കാരൻ/വായ്പക്കാർ ബാങ്കിന്/സംഘത്തിനുവേണ്ടി സബ് രജിസ്ട്രാർ ഓഫീസിൽ ഗഹാൻ നമ്പർ.......................ആയി..........................തീയതി വാല്യം നമ്പർ.......................-ൽ ബുക്ക് നമ്പർ.......................-ൽ.......................പേജ് മുതൽ .................പേജ് വരെ ഉൾപ്പെടുത്തിയിട്ടുള്ള ഗഹാൻ വായ്പ അനുവദിച്ച ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അനുബന്ധമായി ചേർക്കുന്ന പട്ടികയിൽ വ്യക്തമായും പൂർണ്ണമായും വിവരിക്കുന്ന ജാമ്യ വസ്തുവിന്റെ മേൽ (ഇതിനുശേഷം ഗഹാൻ ജാമ്യവസ്തു എന്ന് വിളിക്കപ്പെടും) ബാങ്കിനോ സംഘത്തിനോ വേണ്ടി.......................രൂപ (............................................................................രൂപ)യുടെ വായ്പാതുക തിരിച്ചടവിലേക്കായി വായ്പാക്കാരൻ/വായ്പാക്കാർ സൃഷ്ടിച്ച ഗഹാൻ.

കൂടാതെ വായ്പാക്കാരൻ/വായ്പാക്കാർ മുതലിനത്തിൽ.....................രൂപയും (..................................................രൂപ) പലിശയിനത്തിൽ..........................രൂപയും (..................................................രൂപ) കൃത്യമായി തിരിച്ചടച്ചിട്ടുള്ളത്, അപ്രകാരം ആകെ......................രൂപ (..................................................................രൂപ) 200..........മാണ്ട് ..................................മാസം.......................... ..തീയതി ബാങ്കിൽ/സൊസൈറ്റിയിൽ തിരിച്ചടച്ചിട്ടുള്ളതും, അപ്രകാരം വായ്പാക്കാരൻ/വായ്പാക്കാർ ഗഹാൻ നമ്പർ..........ആയി 200.........മാണ്ട്..........................................മാസം......................ാം തീയതി സൃഷ്ടിച്ച വായ്പാ ബാധ്യതയിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതും ആയത് എനിക്ക് ബോധ്യമായിട്ടുള്ളതുമാകുന്നു. ആയതിനാൽ, പട്ടികയിൽ വിവരിക്കുന്ന സ്ഥാവര ജംഗമ വസ്തുക്കൾ വായ്പാക്കാരൻ/വായ്പാക്കാരുടെ പേർക്ക് ഞാൻ ബാങ്ക്/സൊസൈറ്റിക്കുവേണ്ടി കൈവശം വയ്ക്കുന്നതിനോ, വിൽക്കുന്നതിനോ വിട്ടുകൊടുക്കുന്നതും, വായ്പാക്കാരനെ/വായ്പാക്കാരെ ഈ ഗഹാന പ്രകാരം ഉണ്ടായിരുന്ന എല്ലാ കുടിക്കടങ്ങളിൽ നിന്നും ബാധ്യതകളിൽ നിന്നും അപ്രകാരം ലഭിച്ച എല്ലാ ശുകകൾ, അവകാശങ്ങൾ, അതിനെ സംബന്ധിച്ച ആവശ്യങ്ങൾ എന്നിവയിൽ നിന്നും പൂർണ്ണമായും വിടുതൽ ചെയ്യുന്നു.

| | |
|---|---|
| നമ്പർ | |
| ജില്ല | |
| സബ് ജില്ല | |
| താലൂക്ക് | |
| ഫിർക്ക | |
| വില്ലേജ് | |
| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | |
| സർവ്വേ നമ്പർ | |
| റീ-സർവ്വേ നമ്പർ | |
| കാലാവധി | |
| പ്രദേശം | |
| ചതുരശ്ര മീറ്റർ | |
| ഹെക്ടർ | |
| ഏക്കർ | |
| കിഴക്ക് | |
| തെക്ക് | |
| പടിഞ്ഞാറ് | |
| വടക്ക് | |
| വസ്തുവിന്റെ വിവരങ്ങൾ | |

200..........മാണ്ട്.................................മാസം..............................തീയതി സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഞാൻ ഈ ആധാരം ഒപ്പുവച്ചിരിക്കുന്നു.

പ്രസിഡന്റ്/ജനറൽ മാനേജർ/മാനേജർ/

സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ.

സാക്ഷികളുടെ പേര്, വിലാസം, ഒപ്പ് :

1.

2.

---

ഗഹാൻ ഫയൽ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം.......................................................................................................................................................സബ് രജിസ്ട്രാർക്ക് അയയ്ക്കുന്നു.

സെക്രട്ടറി/മാനേജർ/മാനേജിംഗ് ഡയറക്ടർ.

സബ് രജിസ്ട്രാർ ഓഫീസിൽ 1908-ലെ രജിസ്ട്രേഷൻ ആക്ടിലെ 51-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം വാല്യം നമ്പർ................-ലെ, ബുക്ക് നമ്പർ................-ലെ ...................പേജ് വരെ രജിസ്ട്രർ ചെയ്തിട്ടുള്ള ഗഹാൻ ഒഴിമുറി നമ്പർ.................. ബാങ്ക്/സൊസൈറ്റിയുടെ സെക്രട്ടറി/മാനേജർ/മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർക്ക് ഇന്നേദിവസം ....................200.....-ൽ തിരികെ അയയ്ക്കുന്നു.

സബ് രജിസ്ട്രാർ.

(ഓഫീസ് സീൽ)''

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. രാമമൂർത്തി,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതുവായ ഉദ്ദേശ്യം സൂചിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ എന്നിവയിലെ അംഗങ്ങൾ/വായ്പക്കാർ ഗഹാൻ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമം നിർദ്ദേശിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘങ്ങൾ നിയമം ഭേദഗതി ചെയ്യുകയുണ്ടായി. എന്നാൽ ഗഹാൻ ഒഴിമുറിക്കായി ഇപ്പോൾ നിർദ്ദിഷ്ട ഫാറം നിലവിലില്ലാത്തതിനാൽ അതിലേക്കായി ആവശ്യമായ ഫാറങ്ങൾ ഉൾപ്പെടുത്തുന്നതിന് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ചട്ടം 1986 ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽ വിവരിച്ച ഉദ്ദേശ്യം സാധിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.